**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 20** **05-12-2022 - ൽ മറുപടിയ്ക്ക്**

**വടകര മാഹി കനാൽ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വടകര മാഹി കനാൽ പ്രവൃത്തിയുടെ രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലത്തിന്റെയും നാലാം റീച്ചിലെ കളിയാംവെള്ളി പാലത്തിന്റെയും പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടങ്കൽ തുകയും പൂർത്തീകരിക്കേണ്ട കാലയളവും എത്രയെന്ന് അറിയിക്കാമോ; | (എ) | വടകര – മാഹി കനാൽ പ്രവൃത്തിയുടെ രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലത്തിന്റെ നിർമ്മാണത്തിനായി 25 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയിലാണ്. കളിയാംവള്ളി പാലം നിർമ്മാണത്തിനായി IDRB മുഖേന ഡിസൈൻ ലഭ്യമാക്കി DPR തയ്യാറാക്കിയെങ്കിലും വടകര – മാഹി കനാലിന് കുറുകെ മറ്റ് സമാന പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചീഫ് ടെക്നിക്കൽ എക്സാമിനർ (CTE) നല്കിയ സാങ്കേതിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിസൈൻ ഭേദഗതി ചെയ്യുന്നത് പരിശോധിച്ച് വരുന്നു.<br><br>ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുകയുള്ളൂ. |
| (ബി) | വടകര മാഹി കനാലിന്റെ മൂന്നാം റീച്ചിലെ പ്രവൃത്തി ഭാഗികമായി മാത്രം പൂർത്തീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി പ്രവൃത്തി വൈകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; മൂന്നാം റീച്ചിൽ കനാൽ നിർമ്മിക്കുന്നതിന് എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാം റീച്ചിൽ LBS തയ്യാറാക്കിയ ഡിസൈന്റെ പ്രായോഗികതയും, സ്ഥലത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച് കൂടുതൽ പ്രായോഗികമായതും ചെലവ് കുറഞ്ഞതുമായ മറ്റ് ഡിസൈന്റെ സാധ്യതയും പരിശോധിച്ച് വരുന്നതിനാൽ LBS ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഡിസൈൻ പ്രകാരമുള്ള DPR ന് നിലവിൽ അംഗീകാരം നൽകിയിട്ടില്ല. |
| (സി) | മൂന്നാം റീച്ചിലെ ചേരിപ്പോയിൽ അക്വഡക്ട് പുനർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; മൂന്നാം റീച്ചിലെ മറ്റ് വിവിധ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന സമയക്രമം അറിയിക്കാമോ; | (സി) | ചേരിപ്പോയിൽ അക്വഡക്ട് പുനർനിർമ്മിക്കുന്ന തിന്റെ ഭാഗമായി മണ്ണ് പരിശോധന പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മൂന്നാം റീച്ചിലെ പറമ്പിൽ പാലവും, |

| | | | |
|---|---|---|---|
| | | | തച്ചോളിത്താഴെ, രാജവീഥി എന്നീ നടപ്പാലങ്ങളും നേരത്തെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഡി) | ടി പ്രവൃത്തിയുടെ നാലാം റീച്ചിലെ വെങ്ങോളി പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ടി പ്രവൃത്തിയുടെ അടങ്കൽ തുക എത്രയെന്നും അറിയിക്കാമോ; | (ഡി) | പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന തീയതി - 30/11/2023<br><br>അടങ്കൽ തുക- 17.06 കോടി രൂപ |
| (ഇ) | വടകര മാഹി കനാൽ പ്രവൃത്തിയുടെ റീച്ച് അഞ്ചിലെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (ഇ) | ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി 16.59 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. തുക അനുവദിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്ഥലം ഏറ്റെടുക്കാൻ കഴിയും. |
| (എഫ്) | വടകര മാഹി കനാൽ പ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുക്കുന്ന മണ്ണ് ഡിപ്പോസിറ്റ് ചെയ്യുന്നതിന് നേരിടുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ? | (എഫ്) | ഉണ്ട്. മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ പലതവണ റവന്യൂ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്തിരുന്നു. എന്നാൽ അനുയോജ്യമായ സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ